"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി നഗരസഭ- പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റ്-ശ്രീമതി. സൂര്യമോൾ.എം.സി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA/1839/2019 നമ്പർ കേസിലെ 20.09.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേസസ്വയംഭരണ(ഇയു)വകുപ്പ്

**സ.ഉ.(സാധാ) നം.2767/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/12/2019

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 05.09.2019-തീയതിയിലെ ഇ5/14751/2018 നമ്പർ ഉത്തരവ്

2 ശ്രീമതി. സൂര്യമോൾ.എം.സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA/1839/2019 നമ്പർ കേസിലെ 20.09.2019 തീയതിയിലെ വിധിന്യായം

3 ശ്രീമതി. സൂര്യമോൾ.എം.സി.സർക്കാരിൽ സമർപ്പിച്ച 30.9.2019 തീയതിയിലെ അപ്പീൽ അപേക്ഷ.

4 05.09.2019 തീയതിയിലെ ഇയു2-324/2019-തസ്വഭവ- നമ്പർ സർക്കാർ കത്ത്.

5 നഗരകാര്യഡയറക്ടറുടെ 04.10.2019 തീയതിയിലെ വി3-19773/19 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കൊച്ചി നഗരസഭയുടെ കീഴിൽ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സൂര്യമോൾ.എം.സി.-യെ നഗരകാര്യഡയറക്ടറുടെ സൂചന 1 ഉത്തരവ് പ്രകാരം ഈരാറ്റുപേട്ട നഗരസഭയിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു. പ്രസ്തുത

ഉത്തരവിനെതിരെ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രീബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1839/2019നമ്പർ കേസിലെ 20.09.2019 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷക, ഉത്തരവുതീയതി മുതൽ 10 ദിവസത്തിനകം സർക്കാരിൽ അപ്പീൽ സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത അപ്പീൽ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയായ സർക്കാർ രണ്ട് മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. സൂര്യമോൾ.എം.സി സർക്കാരിൽ സമർപ്പിച്ച പരാമർശം 3 പ്രകാരമുള്ള അപ്പീൽ അപേക്ഷ പ്രകാരം, 22.07.2016ലെ ഉത്തരവ് പ്രകാരമാണ് തന്നെ കൊച്ചി നഗരസഭയിൽ നിയമിച്ചിട്ടുള്ളത് എന്നും തുടർന്ന് ഏകദേശം ഒന്നര വർഷം മുമ്പാണ് തന്നെ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റിൽ നിയമിച്ചിട്ടുള്ളതെന്നും അറിയിക്കുന്നു. എന്നാൽ താൻ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകാതെതന്നെ ഭരണപരമായസൗകര്യത്തിന് എന്ന പേരിൽ നഗരകാര്യ ഡയറക്ടറുടെ 05.09.2019-ലെ ഇ.5-14751/18 നമ്പർ ഉത്തരവ് പ്രകാരം തന്നെ കൊച്ചി നഗരസഭയിൽ നിന്നും ഈരാറ്റുപേട്ട നഗരസഭയിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 ലെ റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയുടെ കീഴിൽ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റിലെ അന്തേവാസികളുടെ പരിപാലനത്തിനായി നഗരസഭയിൽ നിന്നും സൂപ്രണ്ട്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുള്ളതും കൂടാതെ ദിവസ വേതന അടിസ്ഥാനത്തിൽ 125 ജീവനക്കാരെ നിയോഗിച്ചുമാണ് അന്തേവാസികളെ പരിപാലിച്ച് പോരുന്നതെന്നും ആയതിൽ സ്ഥിരം ജീവനക്കാരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. സൂര്യമോൾ എം.സി, ഡ്രൈവർ ശ്രീ അജീബ് പി.എം എന്നിവർക്കെതിരെ സ്ഥാപന മേധാവി എന്ന നിലയിൽ ടി സ്ഥാപനത്തിന്റെ പരിപൂർണ്ണ നടത്തിപ്പ് ചുമതലയുള്ള സൂപ്രണ്ടായ ശ്രീ. കെ.എസ് അൻവർ ഹുസൈൻ പരാതി സമർപ്പിച്ചിരുന്നതായും പരാതിയിലെ ആരോപണങ്ങൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. സൂര്യമോൾ എം.സി., ഡ്രൈവർ ശ്രീ. അജീബ് പി.എം. എന്നിവർ ടി സ്ഥാപനത്തിന്റെ മേലധികാരി എന്ന നിലയിൽ സൂപ്രണ്ട് ശ്രീ. കെ.എസ്. അൻവർ ഹുസൈനെ അനുസരിക്കാനോ കൃത്യമായി ജോലി ചെയ്യുന്നതിനോ തയ്യാറാകുന്നില്ലെന്നും ടി സ്ഥാപനത്തിലേക്ക് പുറത്തു നിന്നും ലഭിക്കുന്ന സംഭാവനകൾ കൈകാര്യം ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. സൂര്യമോൾ എം.സി രസീത് നൽകാറില്ലെന്നും കൂടാതെ ആയതിന്റെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്നും മാത്രവുമല്ല സംഭാവനകളായി ലഭിക്കുന്ന സാധനങ്ങളിൽ കൂടുതലും ശ്രീമതി. സൂര്യമോൾ, ശ്രീ. അജീബ് എന്നിവർ സ്വന്തം

വീട്ടുകളിൽ കൊണ്ടുപോകുകയാണ് പതിവെന്നും ടിയാന്റെ പരാതിയിൽ പറയുകയുണ്ടായി.

4. റിലീഫ് സെറ്റിൽമെന്റിലെ സൂപ്രണ്ട് ശ്രീ. കെ.എസ് അൻവർ ഹുസൈൻ സമർപ്പിച്ച പരാതിയിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം റിലീഫ് സെറ്റിൽമെന്റിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. സൂര്യമോൾ ടി സ്ഥാപനത്തിലെ അന്തേവാസികളെ ആശുപത്രിയിലും പുതിയ റീ ഹാബിലിറ്റേഷൻ സെന്ററുകളിലേക്കും കൊണ്ടുപോകുമ്പോൾ ഷിഫ്റ്റഡ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താറില്ലെന്നും അന്തേവാസികളെ ആശുപത്രിയിൽ കൊണ്ടുപൊകുന്നതായി കാണിച്ച് ലോഗ് ബുക്കിലും ഷിഫ്റ്റഡ് രജിസ്റ്ററിലും കൃത്രിമം കാണിച്ച് സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചിരുന്നതായും കണ്ടെത്തിയിരുന്നു. സദ്യ രജിസ്റ്റർ പ്രകാരം മിക്കവാറും എല്ലാ ദിവസങ്ങളിലും ഏതെങ്കിലും ഒരു നേരത്തേ ഭക്ഷണം സ്പോൺസർ ചെയ്യുന്നുണ്ടെങ്കിലും സാധനങ്ങളിൽ പർച്ചേസ് ചെയ്ത ബിൽ തുകയിൽ കാര്യമായ കുറവ് വരുന്നതായി കാണുന്നില്ലെന്നും ആയത് പരിശോധിച്ചതിൽ 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏകദേശം 2 ലക്ഷം രൂപയിൽ കൂടുതൽ വ്യത്യാസം സംഭവിച്ചിട്ടുള്ളത് കണക്കിലെടുക്കുമ്പോൾ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായി വിലയിരുത്തിയും സംഭാവനയായി ലഭിക്കുന്ന സാധനങ്ങൾ വീട്ടിൽ കൊണ്ടുപോകുന്നു എന്ന ശ്രീ. കെ.എസ്. അൻവർ ഹുസൈന്റെ പരാതി ശരി വയ്ക്കാവുന്നതാണെന്ന അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

5. ശ്രീമതി. സൂര്യമോൾ എം.സി 22.07.2016 ലാണ് കൊച്ചി കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിയമിതയായത് എന്നും കൊച്ചി കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചു വരവെ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിലേക്ക് ടിയാരിയെ മാറ്റുകയും ഒന്നര വർഷത്തോളമായി ടി സ്ഥാപനത്തിൽ ജോലി നോക്കി വരികയുമായിരുന്നു എന്നും നഗരകാര്യഡയറക്ടർ അറിയിക്കുന്നു. ശ്രീമതി. സൂര്യമോൾക്കെതിരെ പൊതുജനങ്ങളിൽ നിന്നും നിരന്തരം പരാതി ഉയർന്നു വന്ന സാഹചര്യത്തിലാണ് ഭരണപരമായ സൗകര്യാർത്ഥം ടി ജീവനക്കാരിയെ 05.09.2019-ലെ ഉത്തരവ് പ്രകാരം ഈരാറ്റുപേട്ട നഗരസഭയിലേക്ക് സ്ഥലം മാറ്റുകയുണ്ടായത് എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. കൂടാതെ കൊച്ചി നഗരസഭയുടെ കീഴിൽ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റിലെ സൂപ്രണ്ടായ ശ്രീ. കെ.എസ് അൻവർ ഹുസൈനെതിരായ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്തിരുന്നതും, കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലെ

സ്ഥിരം ജീവനക്കാരായ ശ്രീമതി. സൂര്യമോൾ.എം.സി.ഉൾപ്പടെയുള്ള 6 പേരെയും റിലീഫ് സെറ്റിൽമെന്റിൽ നിന്ന് മാറ്റി പകരം ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് സൂചന 4 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നതുമാണ്.

7. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയുടെ കീഴിൽ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന റിലീഫ് സെറ്റിൽമെന്റിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. സൂര്യമോൾ.എം.സി.-യെ, ടിയാരിക്കെതിരായ സൂപ്രണ്ടിന്റെ പരാതിയുടേയും പൊതുജനങ്ങളിൽ നിന്നും നിരന്തരം പരാതി ഉയർന്നു വന്ന സാഹചര്യത്തിലുമാണ് കൊച്ചി നഗരസഭയിൽ നിന്ന് സ്ഥലം മാറ്റിയിട്ടുള്ളത്. കൂടാതെ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ടിയാരിക്കെതിരായി ടി നഗരസഭയിൽ ഗുരുതരമായ ആരോപണങ്ങൾ വ്യക്തമായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

8. മേൽ സാഹചര്യത്തിൽ ശ്രീമതി. സൂര്യമോൾ.എം.സി.-യെ ഈരാറ്റുപേട്ട നഗരസഭയിലേക്ക് സ്ഥലം മാറ്റിയ നഗരകാര്യഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യണമെന്ന ടിയാരിയുടെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു

9. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.09.2019 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
അഡീഷണല് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. സൂര്യമോൾ.എം.സി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ,

ഈരാറ്റുപേട്ട നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ